**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 319** | **23-08-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ നിഷ്ക്രിയമാകുന്നത് തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ആർജ്ജിക്കുന്ന പല ആസ്തികളും നിഷ്ക്രിയമായി മാറുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ആസ്തികൾ നിഷ്ക്രിയമായി മാറുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പ്രദേശവാസികളുടെ എതിർപ്പ്, കാലപ്പഴക്കം, പ്രവർത്തനക്ഷമമാക്കുന്നതിന് കാലതാമസം എടുക്കുന്നത് എന്നിവ ആസ്തികൾ നിഷ്ക്രിയമാകുന്നതിന് കാരണമാകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വയംസഹായ സംഘങ്ങൾക്കായി നിർമ്മിക്കുന്ന ആസ്തികൾ ചിലത് അവയുടെ പ്രവർത്തനം ഇല്ലാതാകുന്നതോടുകൂടി നിഷ്ക്രിയമായി മാറുന്നുമുണ്ട്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ കാര്യക്ഷമമായും സമയബന്ധിതമായും വിനിയോഗിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുവാനും ഉള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പതിനാലാം പഞ്ചവൽസര മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്.<br><br>പദ്ധതി നിർവ്വഹണം കാര്യക്ഷമവും ത്വരിതഗതിയിലാക്കുന്നതിനുവേണ്ടി നഗരസഭാ/ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലത്തിലും, ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും നിശ്ചിത ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ നടത്താറുണ്ട്. ടി യോഗങ്ങളിൽ പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി ആയത് പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ